പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 5623 | 02.07.2014- ൽ മറുപടിക്ക് |

**ഓൺലൈൻ സിസ്റ്റം മുഖേന ഫുഡ് ലൈസൻസിംഗ് രജിസ്ട്രേഷൻ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. മുരളീധരൻ<br>" വി. ഡി. സതീശൻ<br>" എ. പി. അബ്ദുള്ളക്കുട്ടി<br>" വി. റ്റി. ബൽറാം | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ഫുഡ് ലൈസൻസിംഗ് രജിസ്ട്രേഷൻ ഓൺലൈൻ സിസ്റ്റം വഴി നടപ്പാക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഓൺലൈൻ ഫുഡ് ലൈസൻസിംഗ് രജിസ്ട്രേഷൻ സിസ്റ്റം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ അവസാനഘട്ടത്തിലാണ്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ഭക്ഷ്യസുരക്ഷാ നിലവാരനിയമത്തിൽ നിഷ്കർഷിക്കുന്ന ഫുഡ് സേഫ്റ്റി ലൈസൻസും രജിസ്ട്രേഷനും വിവിധ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്കും ഓൺ ലൈൻ വഴി അപേക്ഷിക്കുവാനും ആയതിന്റെ സർട്ടിഫിക്കറ്റും ഓൺലൈൻ വഴി തന്നെ ലഭ്യമാക്കുവാനുമാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| സി) | ആരെല്ലാമാണ് പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | Food Safety and Standards Authority of India യും സംസ്ഥാന സർക്കാരും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റും ബാങ്ക് ഓഫ് ബറോഡയുമാണ് നിലവിൽ പദ്ധതിയുമായി പ്രധാനമായും സഹകരിക്കുന്നത്. |
| ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | ആയത് സംബന്ധിച്ച് ഉദ്യോഗസ്ഥർക്കെല്ലാം പരിശീലനം നൽകികഴിഞ്ഞിട്ടുണ്ട്. കൂടാതെ ഭക്ഷ്യവ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടന പ്രതിനിധികൾക്കും ഇതിനകം ടി പദ്ധതിയിൽ പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**